# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**മേയ് 14**

**May 14**

**2019**

***1193 മേടം 30 ചൊവ്വ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**അധ്യാപക ഒഴിവ്**

കൈപ്പട്ടൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി വിഭാഗത്തിലേക്കുള്ള ഗസ്റ്റ് അധ്യാപകരുടെ ഇന്റർവ്യൂ 16,17 തീയതികളിൽ നടക്കും. 16ന് ഇക്കണോമിക്സ്, കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ്, മാത്സ് വിഷയങ്ങളിലേക്കും 17ന് മലയാളം, ഹിന്ദി, സുവോളജി, ബോട്ടണി, കൊമേഴ്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ വിഷയങ്ങളിലേക്കുമാണ് ഇന്റർവ്യൂ നടത്തുന്നത്. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 9.30ന് സ്കൂൾ ഓഫീസിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. (പിഎൻപി 1131/19)

**ഐഎച്ച്ആർഡി ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ പ്രവേശനം അപേക്ഷ 20നകം നൽകണം**

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പതിനൊന്നാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 20 ആയി പുനക്രമീകരിച്ചു. അപേക്ഷയും അനുബന്ധ രേഖകളും 100 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം (പട്ടികജാതി/വർഗ വിഭാഗത്തിന് 50 രൂപ) 20ന് വൈകിട്ട് മൂന്നിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിൽ ലഭിക്കണം.

(പിഎൻപി 1132/19)

## ദർഘാസ്

ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലേക്ക് ഡ്രൈവർ ഉൾപ്പെടെ വാഹനം നൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഈ മാസം 27ന് വൈകിട്ട് മൂന്ന് വരെ സ്വീകരിക്കും. (പിഎൻപി 1133/19)

## പ്രീമെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ ടീച്ചർ ഒഴിവ്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പത്തനംതിട്ട, റാന്നി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും പന്തളം, അടൂർ, തിരുവല്ല, മല്ലപ്പള്ളി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും 2019-20 അധ്യയന വർഷം യു.പി, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ട്യൂഷൻ നൽകുന്നതിന് യോഗ്യരായവർക്ക് അപേക്ഷിക്കാം. ഹൈസ്കൂൾ ക്ലാസുകളിൽ ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, നാച്ചുറൽ സയൻസ് (ബയോളജി), ഫിസിക്കൽ സയൻസ് (ഫിസിക്സ്, കെമിസ്ട്രി), സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിന് അതത് വിഷയങ്ങളിൽ ബിരുദവും ബിഎഡ്/ പിജിയും ഉണ്ടായിരിക്കണം. യു.പി വിദ്യാർഥികൾക്ക് ക്ലാസെടുക്കുന്നതിന് പ്ലസ്ടു, പ്രീഡിഗ്രി, ടിടിസി/ഡിഗ്രി മതിയാകും. തെരഞ്ഞെടുക്കപ്പെടുന്നവർ നിശ്ചയിച്ച് നൽകുന്ന ടൈംടേബിൾ പ്രകാരം കുറഞ്ഞത് 30 മണിക്കൂർ ട്യൂഷൻ എടുക്കണം. യു.പി ട്യൂഷൻ ടീച്ചർക്ക് പ്രതിമാസം 3000 രൂപയും ഹൈസ്കൂൾ ട്യൂഷൻ ടീച്ചർക്ക് 4000 രൂപയും പ്രതിമാസം ലഭിക്കും. എസ്.സി വിഭാഗത്തിലുള്ളവർക്ക് മുൻഗണന ലഭിക്കും. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ഈ മാസം 21നകം അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭിക്കണം. ഫോൺ: തിരുവല്ല-8547630038, മല്ലപ്പള്ളി-8547630039, ഇലന്തൂർ-8547630042, റാന്നി-8547630043, പന്തളം-8547630045, പറക്കോട്-8547630046. (പിഎൻപി 1134/19)

## പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഒഴിവ്

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2019-20 അധ്യയന വർഷം ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് അഞ്ച് മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് അപേക്ഷിക്കാം. 10 ശതമാനം സീറ്റുകളിൽ ഒഴിവുണ്ടാകുന്ന പക്ഷം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് വിഭാഗക്കാരെ പരിഗണിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, കഴിഞ്ഞ വർഷം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഈ മാസം 20നകം അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നൽകണം. അപേക്ഷയുടെ മാതൃകയും കൂടുതൽ വിവരവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭിക്കും. ഫോൺ: തിരുവല്ല- 8547630038, മല്ലപ്പള്ളി- 8547630039, ഇലന്തൂർ-8547630042, റാന്നി-8547630043, പന്തളം- 8547630045, പറക്കോട്-8547630046. (പിഎൻപി 1135/19)

## ആൾ ഇൻഡ്യ ട്രേഡ് ടെസ്റ്റ്

ജൂണിൽ നടക്കുന്ന ആൾ ഇൻഡ്യ ട്രേഡ് ടെസ്റ്റിന് 2018 നവംബർ ആറിന് മുമ്പ് എൻസിവിറ്റി എംഐഎസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ ട്രെയിനികൾക്കും (പ്രൈവറ്റ്) അവസരമുണ്ട്. കൂടുതൽ വിവരം ചെന്നീർക്കര ഐടിഐയിൽ ലഭിക്കും. ഫോൺ: 0468 2258710. (പിഎൻപി 1136/19)

## കിക്മയിൽ എം.ബി.എ. സ്പോർട്ട് അഡ്മിഷൻ

സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ (ഫുൾടൈം) 2019-21 ബാച്ചിലേക്ക് കൊട്ടാരക്കര അവന്നൂർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജിൽ (എച്ച്.ഡി.സി) 17ന് 10.00 മണി മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.

കേരള സർവകലാശാലയുടെയും എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും എസ്.സി./എസ്.റ്റി വിദ്യാർഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭിക്കും.

അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും ഇതേവരെ അപേക്ഷ ഫോം സമർപ്പിച്ചിട്ടില്ലാത്തവർക്കും സ്പോർട്ട് അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ 9995302006/8547618290 എന്നീ നമ്പരുകളിലും www.kicmakerala.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. (പിഎൻപി 1137/19)

## ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഡിഗ്രി പ്രവേശനം

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അടൂർ (04734224076), ധനുവച്ചപുരം (04712234374), കുണ്ടറ (0474 2580866), മാവേലിക്കര (04792304494), കാർത്തികപ്പള്ളി (0479-2485370), കലഞ്ഞൂർ (04734-272320), പെരിശ്ശേരി (04792456499) എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2019-20 അധ്യയനവർഷത്തിൽ ഡിഗ്രി കോഴ്സുകളിൽ കോളേജുകൾക്ക് അനുവദിച്ച 50 ശതമാനം സീറ്റുകളിൽ പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന 350 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് 150 രൂപ) ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷിക്കണം. തുക കോളേജുകളിൽ നേരിട്ടും അടയ്ക്കാം.

(പിഎൻപി 1138/19)

## സഹായികേന്ദ്രം ആരംഭിച്ചു

റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ പട്ടികവർഗ വിഭാഗക്കാർക്കായി സഹായി കേന്ദ്രം ആരംഭിച്ചു. ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള രജിസ്ട്രേഷൻ, പി.എസ്.സി അപേക്ഷ അയയ്ക്കൽ തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ സൗജന്യമായി ലഭിക്കുമെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 04735 227703. (പിഎൻപി 1139/19)

## പോസ്റ്റൽ ബാലറ്റ് ക്യൂആർ കോഡ് പരിശോധന: ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ക്യൂആർ കോഡ് റീഡിംഗുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. ജില്ലാ കളക്ടർ പി ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഇറ്റിപിബിഎസ് (ഇലക്ട്രോണിക്കലി ട്രാൻസ്മിറ്റഡ് പോസ്റ്റൽ ബാലറ്റ് സിസ്റ്റം) സംവിധാനം മുഖേന സർവീസ് വോട്ടർമാർക്ക് അയച്ചിട്ടുള്ള പോസ്റ്റൽ ബാലറ്റുകളിൽ

തിരികെ ലഭിച്ചിട്ടുള്ള പോസ്റ്റല്‍ ബാലറ്റുകള്‍ എണ്ണുന്നതിന് മുമ്പായി വോട്ടെണ്ണല്‍ ദിനത്തില്‍ വോട്ടെണ്ണല്‍ കേന്ദ്രത്തില്‍ പോസ്റ്റല്‍ ബാലറ്റുകളുടെ കവറുകളിലെയും ഡിക്ലറേഷനിലെയും ക്യുആര്‍ കോഡ് പരിശോധന, വോട്ട് വ്യാജമല്ലെന്ന് ഉറപ്പുവരുത്തല്‍ എന്നീ പ്രവര്‍ത്തനങ്ങള്‍ക്കുള്ള പരിശീലനമാണ് നല്‍കിയത്. സൈനിക സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥര്‍, ആംഡ് പോലീസ് എന്നിവരുടെ വോട്ട് രേഖപ്പെടുത്തുന്നതിനായുള്ള പോസ്റ്റല്‍ ബാലറ്റുകളാണ് സര്‍വീസ് വോട്ടുകള്‍. ജില്ലയില്‍ കൗണ്ടിംഗ് സൂപ്പര്‍വൈസര്‍മാര്‍, കൗണ്ടിംഗ് അസിസ്റ്റന്റുമാര്‍ എന്നിവരടങ്ങുന്ന 34 പേര്‍ക്കാണ് പരിശീലനം നല്‍കിയത്. 13-എ, ബി, സി എന്നിങ്ങനെയാണ് പോസ്റ്റല്‍ ബാലറ്റുകള്‍ ക്രമീകരിച്ചിരിക്കുന്നത്. 13-എ വോട്ടര്‍ ഡിക്ലറേഷനും, 13-ബി, സി എന്നിവ പോസ്റ്റല്‍ ബാലറ്റ് കവറുകളുമാണ്. സി എ ബി അഥവാ ക്യാബ് എന്ന ക്രമത്തിലാണ് നാല് ക്യു ആര്‍ കോഡ് റീഡ് ചെയ്യേണ്ടത്. ജില്ലയില്‍ 4156 സര്‍വീസ് വോട്ടുകളാണ് ഉണ്ടായിരുന്നത്. ഇതില്‍ 2405 എണ്ണം തിരികെ ലഭിച്ചു. ഇനിയുള്ള പത്ത് ദിവസങ്ങളിലായി പോസ്റ്റല്‍ വോട്ടുകളുടെ എണ്ണത്തില്‍ മാറ്റമുണ്ടാകാനും സാധ്യതയുണ്ട്. ജില്ലാ ഇന്‍ഫര്‍മാറ്റിക്സ് ഓഫീസര്‍ ജിജി ജോര്‍ജ്, അഡീഷണല്‍ ഇന്‍ഫര്‍മാറ്റിക്സ് ഓഫീസര്‍ ആലീസ് ആന്‍ഡ്രൂസ് കോട്ടിരി, മാസ്റ്റര്‍ ട്രെയിനര്‍ എം എസ് വിജുകുമാര്‍ തുടങ്ങിയവര്‍ പങ്കെടുത്തു. (ഇലക്ഷന്‍: 264/19)




**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**